# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്
## 2016-17

# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

## e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)1233/17

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020

തീയതി: 07.08.2017

ഫോൺ നം: 0487 2331249

e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി4)1233 /2017 തീയ്യതി: 07.08.2017

**തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.10.2016 മുതൽ 10.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.17 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.07.17 മുതൽ 17.07.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. തുളസീദാസ്.വി.ജി<br><br>ഓഡിറ്റ് ഓഫീസർ. |
| | കെ.എം.ഷാജിത.<br><br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. രേഖ.സി.,<br><br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. രാജിഷ. ആർ.,<br>ഓഡിറ്റർ |

**ബി) <u>നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പത്മജ | 01.04.2016 മുതൽ<br><br>31.03.2017വരെ |
| സെക്രട്ടറി | ശ്രീ.എൻ.എം.ഷെരീഫ്<br><br>(അഡീഷണൽ ചാർജ്) | 01.04.2016 മുതൽ<br><br>23.08.2016വരെ |
| | ശ്രീ. പ്രിൻസ്.ടി.എം. (ചാർജ്) | 23.08.2016മുതൽ<br><br>06.09.2016വരെ |
| | വേണുഗോപാൽ (ഇൻചാർജ്) | 06.09.2016 മുതൽ<br><br>02.10.2016വരെ |

| | |
|---|---|
| എൻ. ഹരികമാർ | 03.10.2016 മുതൽ<br><br>02.02.2017വരെ |
| വേണാഗോപാൽ (ഇൻചാർജ്) | 03.02.2017 മുതൽ<br><br>10.02.2017വരെ |
| എൻ. ഹരികമാർ | 11.02.2017 മുതൽ<br><br>31.03.2017വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ജോൺ.പി.അറക്കൽ | 01.04.2016മുതൽ<br><br>03.04.2016 വരെ |
| | വേണാഗോപാൽ | 03.04.2016മുതൽ<br><br>31.03.2017വരെ |
| കൃഷി ഓഫീസർ | അജി.കെ.എ | 01.04.2016 മുതൽ<br><br>31.03.2017വരെ |
| വെറ്ററിനറി സർജൻ | പത്മജ.പി.യു | 01.04.2016 മുതൽ<br><br>31.03.2017വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി | സുരേഷ്.എ.വി | 01.04.2016 മുതൽ<br><br>31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സിസ്റ്റു ജോസഫ് | 01.04.2016 മുതൽ<br><br>31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | പി.കെ.ഹരീഷ് | 01.04.2016 മുതൽ<br><br>31.03.2017വരെ |
| വി.ഇ.ഒ. (ചെറുതുരുത്തി സർക്കിൾ) | കെ.എ.ഷൺമുഖൻ | 01.01.2017 മുതൽ<br><br>31.03.2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ.(നെടുമ്പുര സർക്കിൾ) | ജ്യോതി.എൻ.എൻ | 01.04.2016 മുതൽ<br>31.03.2017വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.മിനി.പി.കെ | 1.4.16 മുതൽ<br>3.8.16 വരെ |
| | രത്ന കുമാരി | 3.8.16മുതൽ<br>20.02.2017വരെ |
| | ആനി.എൽ.ആർ. | 20.02.2017 മുതൽ<br>31.03.2017വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്,<br>ചെറുതുരുത്തി | പ്രസന്ന.പി.യു. | 01.04.2016 മുതൽ<br>31.05.2016വരെ |
| | ടി.ജമീല (ഇൻചാർജ്) | 01.06.2016 മുതൽ<br>08.09.2016വരെ |
| | പി.കെ. മേരി | 09.09.2016 മുതൽ<br>04.10.2016വരെ |
| | എൻ. ബീന (ഇൻചാർജ്) | 05.10.2016 മുതൽ<br>14.10.2016വരെ |
| | സൈമി. പി.വി. | 15.10.2016 മുതൽ<br>02.01.2017വരെ |
| | എൻ. ബീന (ഇൻചാർജ്) | 03.01.2017 മുതൽ<br>31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വിപിൻദാസ്.എം.എസ് | 01.04.2016 മുതൽ<br>22.08.2016വരെ |
| | അജയകുമാർ.പി.കെ. | 23.08.2016 മുതൽ<br>31.03.2017വരെ |
| ക്ഷീര വികസന ഓഫീസർ | ഗിരിജ. എസ്.കെ. | 01.04.2016 മുതൽ<br>31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | ബജറ്റ് താരതമ്യം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം2 | |
| 13 | അനധികൃത കെട്ടിടനിർമ്മാണം-ഫീൽഡ് പരിശോധന നടത്തുന്നില്ല. | 2-1 |
| 14 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം | 2-2 |
| 15 | തനത് ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ട് സംബന്ധിച്ച് | 2-3 |
| 16 | ഡെപ്പോസിറ്റ് തുകയിൻമേൽ ലേലം - പഞ്ചായത്തിന് വരുമാനം കുറയാനുള്ള സാധ്യത | 2-4 |
| 17 | ശ്മശാന രസീത് ബുക്ക് – സീൽ ചെയ്യുന്നില്ല | 2-5 |
| 18 | വിമുക്തഭടൻമാരുടെ വസ്തുനികുതി – അനർഹമായി ഇളവനുദിച്ചു | 2-6 |
| 19 | വിമുക്തഭടൻമാരുടെ വസ്തു നികുതി – അപാകതകൾ | 2-7 |
| 20 | വിമുക്തഭടന്റെ രണ്ടു ഭവനങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി | 2-8 |
| 21 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-9 |
| 22 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായില്ല. | 2-10 |

| | ഭാഗം 3 | |
|---|---|---|
| 23 | ടെണ്ടർ നെഗോസ്യേഷൻ – കരാറുകാരന്റെ ടെണ്ടറിലെ നിർദ്ദേശം പരിഗണിച്ചില്ല | 3-1 |
| 24 | അംഗൻവാടി കെട്ടിടങ്ങൾ – ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു | 3-2 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-3 |
| 26 | വനിതാഘടകപദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്റ്റിൽ ഗുണഭോക്താക്കളായി പുരുഷൻമാർ – അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്. | 3-4 |
| 27 | അധിക തറവിസ്തൃതിയിൽ ഭവനനിർമ്മാണം – അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്. | 3-5 |
| 28 | ODF പദ്ധതിക്ക് ലഭിച്ച ശുചിത്വമിഷൻ ഫണ്ട് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 3-6 |
| 29 | PMAY പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം – പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-7 |
| 30 | അനുപൂരകപോഷകാഹാര പദ്ധതി – ബില്ലുകൾ ഹാജരാക്കിയില്ല വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികൾ - ഭവനപുനരുദ്ധാരണം – ജനറൽ & എസ്.സി – അപാകതകൾ | 3-8 |
| 31 | ഭവനപുനരുദ്ധാരണ സബ്സിഡി അനർഹർക്ക് അനുവദിച്ചത് – തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-9 |
| 32 | അനുപൂരകപോഷകാഹാര പദ്ധതി – ബില്ലുകൾ ഹാജരാക്കിയില്ല | 3-10 |
| 33 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഔഷധങ്ങൾ വാങ്ങൽ പദ്ധതി – മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല | 3-11 |
| 34 | പെയിൻ ആൻറ് പാലിയേറ്റീവ് പദ്ധതി – മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-12 |
| 35 | ജി.എൽ.പി.എസ്., ചെറുമുക്കത്തി സ്മാർട്ട് ക്ലാസ് റൂം പദ്ധതി – ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല. | 3-13 |
| 36 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നു | 3-14 |
| 37 | ഉറവിട മാലിന്യ സംസ്കരണ പദ്ധതി - 127680/- രൂപയുടെ നഷ്ടം | 3-15 |
| 38 | വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് – കൺസൾട്ടേഷൻ ചാർജ്ജിനത്തിൽ 1,26,386/- രൂപ നിർമ്മിതിക്ക് അധികം നല്കി. | 3-16 |
| 39 | ഗുണഭോക്തൃ സമിതി വഴിയുള്ള പ്രവൃത്തികൾ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 3-17 |

| | | |
|---|---|---|
| 40 | അംഗൻവാടി നം. 20 നിർമ്മാണം - സൈറ്റിൽ നിന്നും മാറ്റിയ മണ്ണ് പഞ്ചായത്ത് പരിസരത്ത് കൂട്ടിയിട്ടിരിക്കുന്നു. | 3-18 |
| 41 | ആശ്രയ പദ്ധതി | 3-19 |
| 42 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-20 |
| | ഭാഗം 4 | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 52 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 53 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 2 |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 സാമ്പത്തികവർഷത്തെ ബജറ്റ് 17.03.2016 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2016-17 വർഷം 04.11.2016 തിയ്യതിയിലെ 9-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുകയും അതു പ്രകാരം ആകെ വരവ് 13,86,40,288/- ഉം ആകെ ചെലവ് 13,42,57,429 /-ഉം ബാലൻസ് 43,82,859/- ഉം ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 11.07.2017 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 16.07.2017 |

2016-17 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.സാമൂഹ്യസുരക്ഷാ പെൻഷനുകൾ അതായത് വിധവാപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയവയുടെ വരവുചെലവു കണക്കുകൾ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം പെർമിറ്റ് ഫീ ഇനത്തിൽ ആകെ വരവ് 92810/- രൂപയാണ്. എന്നാൽ വാർഷികകണക്കിൽ

ആയതു് 92277/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

3.ബിൽഡിംഗ് റഗുലറൈസേഷൻ ഫീ ഇനത്തിൽ ലഭിച്ച 46372/- രൂപയുടെ കൃത്യത ഉറപ്പാക്കുന്നതിന് ബിൽഡിംഗ് റഗുലറൈസേഷൻ ഫീ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

4.അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

5.രേഖകളുടെ അഭാവത്തിൽ ആസ്തി ബാദ്ധ്യത വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്സ്, ബാലൻസ് ഷീറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 2516610

വരവ് - 57951732

ആകെ - 60468342

ചെലവ് - 54620048

നീക്കിയിരിപ്പ് - 5848294

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (40b) പ്രകാരം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9539615 | 9539615 | 9539615 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 4368276 | 4368276 | 4368276 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 58269 | 58269 | 58269 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7352765 | 7352765 | 7352765 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2267819 | 2267819 | 2267819 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5563189 | 5563189 | 5563189 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2815532 | 2815532 | 2815532 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1898 | 22983849 | 22985747 | 22985747 | 0 |
| ബി ഫണ്ട് | 0 | 9914875 | 9914875 | 9914875 | 0 |

## 1-6 പദ്ധതി അവലോകനം.

2016-17 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 76087251 | 139 | 35260768 | 44 | 7 | 46.34 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

**1 പ്രൊജക്ട് നം. 52/17 ബാലസഭ 100000**

**2.പ്രൊജക്ട് നം. 58/12 സേവാഗ്രാം ഗ്രാമ കേന്ദ്രം 200000**

**3.പ്രൊജക്ട് നം. 59/17 ശ്മശാന നവീകരണം 750000**

4.പ്രൊജക്റ്റ് നം. 62/17 ടച്ച് സ്ക്രീൻ ആന്റ് ടോക്കൺ മെഷീൻ 150000

5.പ്രൊജക്റ്റ് നം. 83/17 പൈങ്കുളം ഗേറ്റ് കനാൽ റോഡ് നവീകരണം 135000

6.പ്രൊജക്റ്റ് നം. 139/17 കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിട പൂർത്തീകരണം 1200000

## 1-7 തനത് വരുമാനം.

മുൻവർഷത്തെക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5671245 | 6869056 | 1197811 | 21 |
| നികുതിയേതര വരവുകൾ | 2710012 | 1772374 | (-)937638 | (-)34.5 |
| മറ്റുവരവുകൾ | 7196839 | 7877916 | (+)681077 | (+)9.46 |
| ആകെ | 15578096 | 16519346 | 941250 | 6 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 184800 | 108 |
| കർഷകതൊഴിലാളി പെൻഷൻ | 774000 | 258 |
| വിധവാപെൻഷൻ | 3693150 | 1234 |
| വാർദ്ധക്യകാലപെൻഷൻ | 3712175 | 1149 |
| വികലാംഗപെൻഷൻ | 821700 | 270 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 309050 | 103 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2017 തിയതിയിൽ 3pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2524/- (രൂപ രണ്ടായിരത്തിഅഞ്ഞൂറ്റി ഇരുപത്തി നാല് മാത്രം) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വള്ളത്തോൾനഗർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാനും രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തി രജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കി തനതു വരുമാനം വർദ്ധിപ്പിക്കാനുമുള്ള ശ്രമം പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. മിനുറ്റ്സുകൾ കൃത്യമായി എഴുതി വയ്ക്കാനും ക്ലോസ് ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ബജറ്റ് താരതമ്യം

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇവ തമ്മിലുള്ള ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (-)/(+) | വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| വരവ് | 138640288 | 57951732 | 80688556 | 41(-) |
| ചെലവ് | 134257429 | 54620048 | 79637381 | 40.6(-) |
| ബാലൻസ് | 4382859 | 5848294 | 1465435 | 33(+) |

പട്ടികയിൽ പറഞ്ഞ താരതമ്യത്തിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ നിന്നും വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. മേൽ പറഞ്ഞ എല്ലാ ഇനങ്ങളിലും യഥാർത്ഥ ഡിമാന്റും ബജറ്റ് നിർദ്ദേശവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബജറ്റിനോടുള്ള സമീപനം ഗൗരവ പൂർണ്ണമല്ലെന്നും ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ലെന്നും വ്യക്തമാണ്. മണൽ വില്പനയിലൂടെയുള്ള വരവ് പൂർണ്ണമായും നിന്നുപോയ സാഹചര്യത്തിൽ മറ്റു വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യം അനന്തരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2017 | ഫെബ്രുവരി 2017 | 17.06.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.15 | 2010-11മുതൽ 2014-15 വരെ | 01.12.15 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത കെട്ടിടനിർമ്മാണം-ഫീൽഡ്പരിശോധന നടത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ്കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137(3) പ്രകാരം അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix J form ൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററിൽ 2015-16ൽ 15, 2016-17 ൽ 4 എണ്ണം ഉൾപ്പെടെ ആകെ 19 കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തികാണുന്നു. 2016-17ലെ വാർഷിക കണക്ക് പ്രകാരം ബിൽഡിങ് റഗുലറൈസേഷൻ ഫീ ഇനത്തിൽ 46372/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല

കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച് കാണുന്നില്ല. ഉദാഹരണമായി കേരളകലാമണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ദക്ഷിണേന്ത്യൻ രംഗകലാ മ്യൂസിയം എന്ന കെട്ടിടത്തിന് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ച് കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 32/17.07.17) പെർമിറ്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലയളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്താതെ അപൂർണ്ണമായി സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നല്കേണ്ടതും ആവശ്യമായ എല്ലാ രേഖപ്പെടുത്തലും വരുത്തി രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-3 തനത് ഫണ്ട് നിരവധി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു

സർക്കുലർ നമ്പർ 58725/ എഫ്.എം3 2008/ ത.സ്വ.ഭ.വ /26.5.11 അനുസരിച്ച് തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന അക്കൗണ്ടുകളിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതായി കാണുന്നു.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം | അക്കൗണ്ടിന്റെ ഇനം | 31.03.2017 അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് | 67075779569 | തനതുഫണ്ട് | 3920286 |

| | | | | |
|---|---|---|---|---|
| | ട്രാവൻകൂർ വടക്കാഞ്ചേരി ശാഖ | | | |
| 2 | ചെറുതുരുത്തി സർവീസ്-കോ-ഓപ്പറേറ്റീവ് ബാങ്ക് | 7200 | തനതുഫണ്ട് | 744653 |
| 3 | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ചെറുതുരുത്തി ശാഖ | 67258452810 | തനതുഫണ്ട് | 2596 |
| 4 | ട്രഷറി തനത് ഫണ്ട് VPFA-1-2 (പഴയത്) | 783/2 | തനതുഫണ്ട് | 55569 |
| 5 | ട്രഷറി -TSB | STSB-4 | തനതുഫണ്ട് | 791660 |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വടക്കാഞ്ചേരി ശാഖ (പഴയത്) | 57024912496 | തനതുഫണ്ട് (പഴയത്) | 10557 |

| | | | | |
|---|---|---|---|---|
| 7 | കാനറ ബാങ്ക്, ഷൊർണ്ണൂർ | 39433 | ഹരിയാലി | 57268 |
| 8 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ചെറുതുരുത്തി ശാഖ | 67258452810 | എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 |
| 9 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ചെറുതുരുത്തി ശാഖ | 67285255377 | MPLADS | 3746 |

ഇക്കാര്യം മുൻ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും നടപടിയുണ്ടായിട്ടില്ല. ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം തനത്ഫണ്ട് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡെപ്പോസിറ്റ് തുകയിൻമേൽ ലേലം- പഞ്ചായത്തിന് വരുമാനം കുറയാനുള്ള സാധ്യത

**വാടക സംബന്ധിച്ച അംഗീകരിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.**

2016-17 സാമ്പത്തിക വർഷം ന്യൂ ഷോപ്പിംങ് കോംപ്ലക്സിലെ 9 മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത് ഏറ്റവും കൂടുതൽ ഡെപ്പോസിറ്റ് തുകയിന്മേൽ ലേലം വിളിച്ചിരിക്കുന്നവർക്കാണ്. വാടക തുകയിന്മേൽ ലേലം വിളിക്കുകയും ഏറ്റവും കൂടിയ ലേലത്തുക വിളിക്കുന്നത് അംഗീകരിക്കുകയും ചെയ്യുന്നതിനു പകരം ഏറ്റവും കൂടുതൽ ഡെപ്പോസിറ്റ് തുകയിന്മേൽ ലേലം വിളിച്ച വ്യക്തിക്ക് ലേലം അംഗീകരിച്ച

നൽകുകയുമാണ് ചെയ്തിരിക്കുന്നത്. 21.07.2014 ലെ 412 (25) നമ്പർ തീരുമാന പ്രകാരം ഡെപ്പോസിറ്റ് തുക ചുരുങ്ങിയത് 50000/- ഇടങ്ങി ഡെപ്പോസിറ്റ് തുകയിന്മേൽ ലേലം വിളിക്കാനും ഷോപ്പിംങ് കോംപ്ലക്സിലെ താഴത്തെ നിലയിലെ മുറികൾ 3000/- രൂപയും മുകളിലത്തെ നിലയിലുള്ള മുറികൾ 2500/- രൂപയും വാടകയ്ക്ക് നൽകാനുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള തീരുമാനം മൂലം വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വർധനവ് ഇല്ലാതിരിക്കുന്ന അവസ്ഥയാണ് സംജാതമാകുന്നത്. ഓഡിറ്റ് എൻക്വയറി നം 16/15.07.2017 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഒരേ അളവിലും നിലയിലുമുള്ള മുറികളുടെ വാടകകൾ തമ്മിൽ ഒരുപാട് അന്തരം നിലനിൽക്കുന്നു എന്നുള്ളതിനാലും ഡെപ്പോസിറ്റ് തുക ബാങ്കിൽ ഇട്ടാൽ നല്ലൊരു ശതമാനം പലിശ കിട്ടുമെന്നതിനാലും ആണ് ഡെപ്പോസിറ്റിൻമേൽ ലേലം ചെയ്തുവരുന്നത് എന്നും, ഷോപ്പിംഗ് കോംപ്ലക്സ് അംഗീകരിച്ച ബൈലോ നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ആയത് അന്വേഷിച്ച് ലഭ്യമാക്കാമെന്നുമാണ് വിശദീകരണം നൽകിയിരിക്കുന്നത്.

31.03.2017 ൽ തനതുഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത് 4664939/- രൂപയാണ്. എന്നാൽ 31/3/17 ലെ ബാലൻസ് ഷീറ്റിൽ ഇതുവരെയുള്ള വാടക ഡെപ്പോസിറ്റ് ഇനത്തിൽ തിരിച്ചുകൊടുക്കേണ്ട തുകയായി കാണിച്ചിരിക്കുന്നത് 2159190+417200 = 2576390 രൂപയാണ്. ഭാവിയിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ തീരുമാനങ്ങൾ എടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ശ്മശാന രസീത് ബുക്ക്- -സീൽ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പുതുശ്ശേരി, ചെറുതുരുത്തി പുണ്യതീരത്തു സ്ഥിതി ചെയ്യുന്ന പരമ്പരാഗത രീതിയിൽ പ്രവർത്തിക്കുന്ന ശ്മശാനത്തിൽ മൃതദേഹ സംസ്കരണത്തിനായി ആളുകളുടെ കൈയിൽ നിന്ന് പണം പിരിക്കുന്നതിന് രണ്ടു രസീതി ബുക്കുകൾ ഉപയോഗിച്ചുവരുന്നു. ഒരു മൃതദേഹം സംസ്കരിക്കുന്നതിന് ആകെ 3000/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി ദഹന വസ്തുക്കളുടെ വിലയും ശ്മശാന ജീവനക്കാരുടെ വേതനവുമായി 2875/- രൂപ ഈടാക്കുന്നതിന് ഒരു രശീതി ബുക്കും, പഞ്ചായത്തിലേക്ക് ശ്മശാനത്തിന്റെ വരവായി നിശ്ചയിച്ചിരിക്കുന്ന 125/- രൂപ ഈടാക്കുന്നതിനായി രണ്ടാമതൊരു രശീതി ബുക്കും ഉപയോഗിക്കുന്നു. ഇതിൽ 125/- രൂപ പിരിക്കുന്ന രശീതി ബുക്കുമാത്രമാണ് പഞ്ചായത്ത് സീൽ ചെയ്തു കൊടുക്കുന്നത്. രശീതി ബുക്കുകളിലൊന്നും ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നുമില്ല – ഇത് ക്രമപ്രകാരമല്ല. പഞ്ചായത്ത് സീൽ ചെയ്തു നൽകുന്ന രശീതി ബുക്കുകൾ മാത്രം ഉപയോഗിക്കാനും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതാനും ശ്രദ്ധിക്കേണ്ടതാണ്.

<u>ശ്മശാന നടത്തിപ്പ്-ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1.ശ്മശാനത്തിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ചുറ്റുമതിൽ, ശൗചാലയം ഇടങ്ങിയ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്

2. ശ്മശാനം നടത്തിപ്പുകാരന് പ്രതിവർഷം ചുരുങ്ങിയത് 35 ലക്ഷത്തോളം തുക വരവായി ലഭിക്കുന്നുണ്ട്. പഞ്ചായത്തിന് അതിന്റെ ചെറിയ ഒരംശം മാത്രമാണ് ലഭ്യമാകുന്നത്. 2016-17 സാമ്പത്തിക വർഷം ഈ ഇനത്തിൽ 236275/- രൂപയാണ് ലഭിച്ചിരിക്കുന്നത്. ക്രിമിറ്റോറിയം നടത്തിപ്പിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത് ഈ ഇനത്തിൽ വരുമാന വർദ്ധനവിന് സഹായകരമാകും.

3. രശീതി ബുക്കുകൾ പഞ്ചായത്തിൽ സീൽ ചെയ്യേണ്ടതും, സീൽ ചെയ്തു നൽകുന്ന രസീതുബുക്കുകൾ രേഖപ്പെടുത്താൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

4.ക്രിമിറ്റോറിയം നടത്തിപ്പിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

## 2-6 വിമുക്തഭടൻമാരുടെ വസ്തുനികുതി-അനർഹമായി ഇളവനുദിച്ചു

ജി.ഒ.(എം.എസ്) 242/2013 ത.സ്വ.ഭ.വ തി.2.7.13 പ്രകാരം വിമുക്തഭടൻമാരുടെ കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ താഴെയാണെങ്കിൽ മാത്രമെ ഇളവിന് അർഹതയുള്ളൂ. ആയതിന വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങൾക്ക് ഉദാഹരണം താഴെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നം. | തറ വിസ്തീർണ്ണം | റിമാർക്ക് |
|---|---|---|---|
| പി.കെ.സലീം കഞ്ഞിക്കൊയ്യിൻ പാലാപടിയം | 3/388 | 228ച.മീ | 2016-17 സാമ്പത്തിക വർഷം മുൻവർഷത്തെ അരിയർ 2588/-രൂപ മാത്രമെ ഡിമാന്റ് ചെയ്തിട്ടുള്ളൂ |
| ഹരിദാസ് ലക്ഷ്മികുട്ടിയമ്മ ചെറുതുരുത്തി | 5/84 | 244 ച.കി.മി | അരിയർ 1318/-രൂപ മാത്രമെ ഡിമാന്റ് ചെയ്തിട്ടുള്ളൂ |

അനർഹമായി അനുവദിച്ച ഇളവ് റദ്ദ ചെയ്ത് മേൽ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

## 2-7 വിമുക്തഭടൻമാരുടെ വസ്തു നികുതി-അപാകതകൾ

ജി.ഒ.(എം.എസ്) 212/08/ത.സ്വ.ഭ.വ. 25.7.08ലെ സർക്കാർ നിർദേശം പ്രകാരം വിമുക്തഭടനോ ഭാര്യയോ നികുതിയിളവ് ആവശ്യമുള്ള കെട്ടിടത്തിന്റെ നമ്പർ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ നൽകേണ്ടതാണ്. എന്നാൽ അപേക്ഷ നൽകാതെ വസ്തു നികുതിയിൽ നിന്ന് സ്ഥിരമായി ഒഴിവാക്കികൊടുത്ത കെട്ടിട ഉടമകളുടെ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിട നം | പേര് വിവരം |
| --- | --- |
| II/307 | കറുപ്പൻകുട്ടി, ശ്രുതി നിവാസ് |
| II/127 | കട്ടപ്പൻ നായർ, വടക്കേത്തറ |
| XIII/497 | രാഘവൻ, മന്നംരാകോട്ട് |
| XVI/232 | സ്റ്റെല്ല, സി.പി. |
| V/13 | കെ.ടി. കമലം |

മേൽപറഞ്ഞ കെട്ടിട ഉടമകൾക്ക് നൽകിയ നികുതിയിളവ് പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

## 2-8 വിമുക്തഭടന്റെ രണ്ടു ഭവനത്തെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി

ജി.ഒ.(എം.എസ്)171/09/ത.സ്വ.ഭ.വ 29.8.09ലെ സർക്കാർ നിർദേശ പ്രകാരം വിമുക്തഭടനോ ഭാര്യയോ താമസത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ള ഒരു ഭവനത്തെ മാത്രമേ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാൻ പാടുള്ളൂ. നികുതിയിളവ് ആവശ്യമുള്ള വിമുക്തഭടൻ മറ്റൊരു കെട്ടിടത്തിന് ഇതേ ആനുകൂല്യം വാങ്ങുന്നില്ലെന്ന് സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ അതിനനുസൃതമല്ലാതെ ഒരേ വിലാസത്തിലുള്ള രണ്ടു വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു

1). രാജൻ.എ.പി

ശ്രീ വിലാസം, പുത്തൂശ്ശേരി

കെട്ടിട നം. 2/133A

2.) എൻ.ആർ.രമ ശരത്,

ശ്രീ വിലാസം, പുത്തൂശ്ശേരി.

കെട്ടിട നം. 2/128

മേൽ പറഞ്ഞ വസ്തു നികുതി നിർണ്ണയം പുനപരിശോധിച്ച് നികുതി ചോർച്ച സംഭവിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-9 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2016-2017 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അടവാക്കേണ്ട നികുതി |
|---|---|---|---|
| 1. | യോഗക്ഷേമം കുറീസ് | 1&2 | 2500 |
| 2. | സിറ്റി ഓഡിറ്റോറിയം | 1&2 | 2500 |
| 3. | നിളാഞ്ജലി ഓഡിറ്റോറിയം | 1&2 | 2500 |
| 4. | കൊശമറ്റം ഫിനാൻസ് | 2 | 1250 |
| 5 | രാഗമാലിക ഓഡിറ്റോറിയം | 1&2 | 2500 |
| 6. | രാജീവ് ടാവേഴ്സ് | 1&2 | 2500 |
| ആകെ – 13,750/- രൂപ | | | |

തൊഴിൽ നികുതി കുടിശ്ശിക 13750 രൂപ എത്രയും പെട്ടെന്ന് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.18/17തീ.15/07/17)

### 2-10 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില 102030/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല

2014-15 കാലയളവിൽ ടെണ്ടർ ചെയ്ത 6 പ്രവൃത്തികൾ, 2015-16 കാലയളവിൽ ടെണ്ടർ ചെയ്ത 14 പ്രവൃത്തികൾ, 2016-17 കാലയളവിൽ ടെണ്ടർ ചെയ്ത 6 പ്രവൃത്തികൾ എന്നിവയിലായി ടെണ്ടർ ഫോം വില+ വാറ്റ് ഇനത്തിൽ കരാറുകാർ അടവാക്കിയിട്ടുള്ള 102030/- രൂപയിൽ വാറ്റ് കുറച്ചുള്ള തുക പഞ്ചായത്തിന്റെ തനതു വരുമാനമാണ്. ആയത് എത്രയും വേഗം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടെണ്ടർ നെഗോസ്യേഷൻ -കരാറുകാരന്റെ 'ടെണ്ടറിലെ നിർദ്ദേശം പരിഗണിച്ചില്ല

പ്രൊജക്ട്-എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ (S 50/17)

ട്രഷറി ബിൽ.നം-3/16-17 തിയതി.31.3.17 തുക-379744/-

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം പ്രൊജക്ടിൽ കരാർ ഏറ്റെടുത്ത് സൈക്കിൾ സപ്ലൈ ചെയ്ത മുരളി സൈക്കിൾ മാർട്ട്, കരുനാഗപ്പള്ളി എന്നവർ സമർപ്പിച്ച ടെണ്ടറിൽ ക്വാട്ട് ചെയ്ത തുകയിൽ നെഗോസ്യേഷൻ ചെയ്യാവുന്നതാണ് എന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റിയോ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയോ ഈ നിർദ്ദേശം പരിഗണിച്ചില്ല. ആയതിനാൽ ടെണ്ടറിൽ ക്വാട്ട് ചെയ്ത അതേ തുക തന്നെ സപ്ലയർക്ക് സൈക്കിളിന്റെ വിലയായി അനുവദിക്കേണ്ടി വന്നു.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങളെ സംരക്ഷിക്കേണ്ട ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിച്ചിരുന്നുവെങ്കിൽ ടെണ്ടർ നെഗോസ്യേഷൻ മുഖേന വികസനഫണ്ടിനത്തിൽ മേല്പറഞ്ഞ തുകയിൽ കുറഞ്ഞ നിരക്കിൽ സൈക്കിൾ ലഭിക്കുമായിരുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 അംഗൻവാടി കെട്ടിടങ്ങൾ -ഫിറ്റ് നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ 24 അംഗനവാടികൾ പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമുള്ള 17 എണ്ണവും, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7 എണ്ണവും ഇതിൽ ഉൾപ്പെടുന്നു. സർക്കുലർ നം.31055/ഡി.സി. 2/2011/ത.സ്വ.ഭ.വ 22.3.11സി(1) പ്രകാരം എല്ലാ വർഷവും മെയ് 10നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അംഗൻവാടികളുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

സൈറ്റ് പരിശോധനയുടെ ഭാഗമായി 17.7.17 ൽ 13-ാം വാർഡിലെ 13-ാം നമ്പർ അംഗനവാടി ബന്ധപ്പെട്ട എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. ഓടുമേഞ്ഞ അംഗൻവാടി കെട്ടിടത്തിന്റെ മിക്ക ഭാഗങ്ങളും ചോർന്നൊലിക്കുന്ന അവസ്ഥയിൽ കാണപ്പെട്ടു. കുട്ടികളുടെ ജീവനു ഭീഷണിയാകുന്ന തരത്തിലുള്ള കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്ന് അംഗൻവാടി വർക്കർ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ എന്തു തീരുമാനമാണ് പഞ്ചായത്ത് കൈക്കൊണ്ടതെന്ന് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അംഗൻവാടി കെട്ടിടം എത്രയും വേഗം സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പ്രൊജക്ട്.നം-53/17

ട്രഷറിബിൽ.നം-1/16-17, തിയ്യതി 31.1.17, തുക – 312500

" " 2/16-17, തിയ്യതി 31.1.17, തുക – 125000

ആകെ – 437500

ഭരണസമിതിയുടെ 27.12.16 ലെ 2(1) തീരുമാനപ്രകാരം 175 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. അതിൽ നിന്നും 70 ഗുണഭോക്താക്കൾക്കുള്ള വിഹിതമായി വികസനഫണ്ടിൽ നിന്നും മേൽപ്രകാരം തുക പിൻവലിച്ച് എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ചിട്ടുണ്ട്. (A/C No.71301140000034). തീറ്റവിതരണത്തിനായി താഴപ്പ ക്ഷീരസഹകരണ സംഘത്തെ ഏൽപ്പിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവുതുക 437500/- തടസ്സപ്പെടുത്തുന്നു.

## 3-4 വനിതാഘടകപദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ടിൽ ഗുണഭോക്താക്കളായി പുരുഷൻമാർ- അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കേണ്ടതാണെന്നും ഇതിനായി വികസന ഫണ്ടിൽനിന്നും 10% തുക വനിതാ ഘടക പദ്ധതിക്ക് നീക്കിവയ്ക്കേണ്ടതാണെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി മൂത്രപ്പുരകൾ സ്ഥാപിക്കുക, സ്ത്രീകൾ ധാരാളമായി എത്തുന്ന ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്ക മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക, സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി ആട്ടുവളർത്തൽ (എസ്.സി), ആട്ടുഗ്രാമം എന്നീ പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ടുകളാണ്.

ട്രഷറി ബിൽനം.4/16-17 തി.21.3.17-200000/-(ആട്ടു ഗ്രാമം പദ്ധതി)
ട്രഷറി ബിൽനം.5/16-17 തി.21.3.17-200000/-(ആട്ടു വളർത്തൽ (എസ്.സി) പദ്ധതി)

1) ആട്ടുവളർത്തൽ (എസ്.സി) പ്രൊജക്ടിൽ 4000/- രൂപ വിലയുള്ള 3 പെണ്ണാടുകളെ വാങ്ങുമ്പോൾ ആകെ തുകയായ 12000/- രൂപയിൽ 9000/- രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. മേൽ പ്രകാരം 22 ഗുണഭോക്താക്കൾക്ക് ആടിനെ നൽകിയ വകയിൽ വികസനഫണ്ടിൽ നിന്നും 2,64,000/- രൂപ ആടുകളെ നൽകിയ ബിജിത, പൂക്കാടൻ ഹൗസ്, മറ്റത്തൂർ എന്നവർക്ക് നൽകിയിട്ടുണ്ട്.

ട്രഷറി ബിൽ നം.5/16-17, തി.21.3.17, തുക – 200000/-
ചെക്ക് നം. 0440189/20.3.17, തുക - 66000/-

ഈ പ്രൊജക്ടിലെ 22 ഗുണഭോക്താക്കളിൽ ആടിനെ കൈപ്പറ്റിയിരിക്കുന്ന പുരുഷൻമാരായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

1.രാജേഷ് കുമാർ.കെ.എ, കോഴിമാംപറമ്പ് കോളനി, പുതുശ്ശേരി (ആട്ടു ഗ്രാമം പദ്ധതിയിൽ 15 ഗുണഭോക്താക്കൾക്ക് ആടിനെ നൽകിയ വകയിൽ 90000/- രൂപ കൈപ്പറ്റിയ വ്യക്തി -A/C NO.67228612168)

2.സുരേഷ്, നല്ലവരമ്പത്ത്, നെടുമ്പുര

3.ഉണ്ണികൃഷ്ണൻ, കൊളങ്ങോരിപടി, പന്നിയടി

വനിതാഘടകപദ്ധതിയിൽ ഏറ്റെടുത്ത പ്രൊജക്ടിൽ ഗുണഭോക്താക്കളായി പുരുഷൻമാരെ തെരഞ്ഞെടുത്ത് ആടുകളെ നൽകിയതുവഴി സബ്സിഡിയായി അനുവദിച്ച ആടുകളുടെ വിലയായ 27000/- രൂപ (3x9000/-) നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 അധിക തറവിസ്തൃതിയിൽ ഭവനനിർമ്മാണം - അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണം-വി.ഇ.ഒ

പ്രൊജക്ട് – ഭവനനിർമ്മാണം (വനിത) സ്പിൽ ഓവർ - S 003/17

2015-16 സാമ്പത്തികവർഷത്തിലെ പ്രൊജക്ട് നം.22/15-16 സമ്പൂർണ്ണ ഭവനനിർമ്മാണം (വനിത) പദ്ധതിയുടെ ഗുണഭോക്താവായ ഹൈറുന്നിസ, പറത്തൊടിയിൽ, ചെറുമുക്കത്തി എന്നവർക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ഡിഡി.നം.743526/13.10.15 തുക-20000

ഡിഡി.നം.745379/23.11.15 തുക-40000

ഡിഡി.നം.210016/5.2.16 തുക-40000

ഡിഡി.നം.210832/15.3.16 തുക-50000

ആകെ -150000/-

2016-17 സാമ്പത്തികവർഷം ഭവനനിർമ്മാണ പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് അവസാനഗഡു അനുവദിക്കുന്നതിനായി സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കുകയും (S003/17) ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ ഗുണഭോക്താവ് അവസാനഗഡു ലഭിക്കുന്നതിനായി 17.10.16 ന് അപേക്ഷ സമർപ്പിച്ചുവെങ്കിലും, ഭവനനിർമ്മാണം വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തി എന്ന് ഫീൽഡ് പരിശോധന നടത്തി ബോദ്ധ്യപ്പെട്ടതിനാൽ തുക അനുവദിക്കാൻ സാധിക്കുകയില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ ഭരണസമിതിയെ 27.12.16ൽ രേഖാമൂലം അറിയിക്കുകയുണ്ടായി. എന്നാൽ ഭരണസമിതിയുടെ 21.3.17ലെ 20(8) തീരുമാനപ്രകാരം ഭവനനിർമ്മണം 2016 ജനുവരിയിൽ പൂർത്തീകരിച്ചിട്ടുള്ളതും, ആയത് സർക്കാർ ഉത്തരവ് നം.(കൈ)2008/16 തിയതി 28.6.16, ഉത്തരവ് നം.110/16 ത.സ്വ.ഭ.വ തിയതി 6.8.16 എന്നീ ഉത്തരവുകൾക്ക് അനുസൃതമായിട്ടുള്ളതും പഞ്ചായത്തിന്റെ രേഖകൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിട വിസ്തൃതി നിശ്ചിത മാനദണ്ഡങ്ങൾക്കുള്ളിലും ആണെന്നും ആയതിനാൽ അവസാനഗഡു 50000/- രൂപ അനുവദിക്കുന്നതിനായി നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തികവർഷം ഗുണഭോക്താവിന് തുക അനുവദിച്ചിട്ടില്ല.

2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 17.7.17 ൽ മേല്പറഞ്ഞ ഭവനം ഭൗതിക പരിശോധന നടത്തുകയുണ്ടായി. നിർവ്വഹണോദ്യോഗസ്ഥ രേഖാമൂലം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയ വിവരങ്ങൾ അതായത് വീടിന് മുകൾനില കൂടി പണിത് ഏകദേശം 1500 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ആഡംബരം നിറഞ്ഞ കെട്ടിടമാണെന്ന് നേരിൽ ബോദ്ധ്യപ്പെടുകയുണ്ടായി.



ഈ വിഷയത്തിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

1.14.9.15 ലെ no.B4-5189/15 നോ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം 64 m2 ആണ്.

2.1.2.16 ൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചത് പ്രകാരം കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് കെട്ടിടനം.14/358A നൽകി (വിസ്തീർണ്ണം73.9m2 )444/- രൂപ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

ആയതു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഗുണഭോക്താവ് കെട്ടിടത്തിന്റെ മുകൾനില പണിയുകയും, ആയതിന് വസ്തുനികുതി അടവാക്കുകയും ചെയ്യുന്നില്ല.കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണം പരിശോധനാവിധേയമാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.കൂടാതെ വ്യവസ്ഥകൾക്കു വിരുദ്ധമായി അധികവിസ്തൃതിയിൽ ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താവിൽ നിന്നും അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ODF പദ്ധതിക്ക് ലഭിച്ച ശുചിത്വമിഷൻ ഫണ്ട് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

സർക്കാർ ഉത്തരവ് നം.1773/2016 തിയ്യതി 27.6.16 ത.സ്വ.ഭ.വ പ്രകാരം സർവ്വേ നടത്തി 79 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തികവർഷം സാനിറ്ററി കക്കൂസ് നിർമ്മാണത്തിനായി 149600/-രൂപ ചെലവഴിച്ചതിനാൽ ബാക്കി വേണ്ടിവരുന്ന തുകയായ 1067000/- രൂപക്ക് പ്രൊജക്ട് തയ്യാറാക്കുന്നതിനും ശുചിത്വമിഷൻ ഫണ്ട് വരുന്നതു വരെ മുഴുവൻ തുകയും പ്ലാൻഫണ്ടിൽ നിന്നും നൽകുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രൊജക്ട് ഭേദഗതി ചെയ്യുന്നതിനും ഭരണസമിതിയുടെ 28/6/16 ലെ 17-ാം നമ്പർ പ്രകാരം

തീരുമാനിച്ചിരുന്നു.

2016-17 സാമ്പത്തികവർഷം മേൽപറഞ്ഞ പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ശുചിത്വമിഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ചെക്ക് നം.764446/19.7.16 -474000/-

ചെക്ക് നം.62605/10.3.17 -474000/-

ആകെ -948000/-

വികസനഫണ്ടിൽ നിന്നും 593000/- രൂപ, ശുചിത്വമിഷൻ ഫണ്ട് (കേന്ദ്രവിഹിതം) 474000/- രൂപയും ചെലവഴിച്ച് പ്രൊജക്ട് തയ്യാറാക്കി മുഴുവൻ ഗുണഭോക്താക്കളുടേയും കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ 3/17 ൽ ലഭിച്ച 474000/-രൂപ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ട് നം.67075779569 ൽ നിക്ഷേപിച്ചിരിക്കുകയാണ്.

ODF പദ്ധതി പൂർത്തീകരിച്ചതിനാൽ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 PMAY പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം-പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

PMAY പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം ജനറൽ വിഭാഗത്തിന് 100000/- രൂപ, എസ്.സി വിഭാഗത്തിന് 418121/- രൂപയും കൂടി ആകെ 518121/- രൂപ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക അടവാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള റിക്വിസിഷൻ, ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റ്, സാംഖ്യ രസീതി എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-8 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ- ഭവനപുനരുദ്ധാരണം-ജനറൽ & എസ്.സി- അപാകതകൾ

2016-17 സാമ്പത്തികവർഷം ഭവനപുനരുദ്ധാരണത്തിനായി താഴെ പറയും പ്രകാരം പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം | പ്രൊജക്ട് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | മുഴുവൻ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 21/17 | ഭവനപുനരുദ്ധാരണം – ജനറൽ | 565000 | 96 | 25 |
| 204/17 | ഭവനപുനരുദ്ധാരണം – ജനറൽ – രണ്ടാംഘട്ടം | 1125000 | | |
| 43/17 | ഭവനപുനരുദ്ധാരണം എസ്.സി | 60000 | 4 | ഇല്ല |
| 205/17 | ഭവനപുനരുദ്ധാരണം- എസ്.സി- രണ്ടാംഘട്ടം | 860000 | 46 | 17 |
| | ആകെ | 2610000 | 146 | 42 |

